STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

No. B2/1837/19/SCOLE-Kerala Date: 15.05.2019

സ്വീകർത്താവ്

**പ്രിൻസിപ്പാൾ**

.........................................................

.........................................................

.........................................................

സർ,

വിഷയം : സ്കോൾ കേരള- ഡി.സി.എ കോഴ്സ് (നാലാം ബാച്ച്) പരീക്ഷ നോട്ടിഫിക്കേഷൻ - സംബന്ധിച്ച്

സൂചന : 06.05.2019 ലെ ഡി.സി.എ നാലാം ബാച്ച് പരീക്ഷ നോട്ടിഫിക്കേഷൻ

സ്കോൾ-കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ കോഴ്സ് നാലാം ബാച്ചിന്റെ പൊതുപരീക്ഷ വിജ്ഞാപനം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് www.scolekerala.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീക്കിച്ചിട്ടുണ്ട്. പരീക്ഷയുടെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ പരിപൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തോടനുബന്ധിച്ചുള്ള ചില പൊതു നിർദ്ദേശങ്ങൾ താങ്കളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

1 സ്കോൾ-കേരള ഡി.സി.എ നാലാം ബാച്ചിന്റെ എല്ലാ പഠനകേന്ദ്രങ്ങളും പ്രായോഗിക, തിയറി പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

2 ഡി.സി.എ പരീക്ഷയ്ക്കുള്ള അപേക്ഷ ഫാറം അതത് പഠനകേന്ദ്രങ്ങളിൽ സമർപ്പിക്കാനാണ് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ഡി.സി.എ നാലാം ബാച്ച് പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന മുൻ ബാച്ച് വിദ്യാർത്ഥികൾ അവർ കോഴ്സ് പൂർത്തിയാക്കിയ സ്കൂൾ നിലവിൽ ഡി.സി.എ പഠനകേന്ദ്രമല്ലെങ്കിൽ, തൊട്ടടുത്ത പഠനകേന്ദ്രമായിട്ടുള്ള സൗകര്യപ്രദമായ സ്കൂളിൽ അപേക്ഷ സമർപ്പിക്കാനാണ് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിനാൽ താങ്കളുടെ സ്കൂൾ തെരഞ്ഞെടുക്കുന്ന ഈ വിഭാഗം വിദ്യാർത്ഥികളുടെയും അപേക്ഷകൾ നിശ്ചിത തീയതിക്കകം പരീക്ഷ ഫീസ് ഒടുക്കിയ ചെലാനൊപ്പം സ്വീകരിക്കേണ്ടതാണ്.

3 പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സ്കോൾ-കേരള വെബ് പോർട്ടലിൽ 2019 മെയ് 21 ന് മുമ്പ് അപ് ലോഡ് ചെയ്യാൻ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കണം.

4 ഹാജർ കുറവ് പരിഹരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ പ്രിൻസിപ്പാൾ ഓരോ അപേക്ഷയും പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം ശുപാർശ ചെയ്ത് എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -695012 എന്ന വിലാസത്തിൽ 2019 മെയ് 22 ന് മുമ്പ് അയക്കേണ്ടതാണ്.

5 വിദ്യാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റുകൾ 2019 മെയ് 25 മുതൽ സ്കോൾ-കേരള പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത്, ഒപ്പ് രേഖപ്പെടുത്തി വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

6 പരീക്ഷയെ സംബന്ധിക്കുന്ന എല്ലാ നിർദ്ദേശങ്ങളും സർക്കുലറുകളും സ്കോൾ-കേരള പോർട്ടൽ വഴി മാത്രം നൽകുന്നതിനാൽ എല്ലാ ദിവസവും സ്കോൾ-കേരള പോർട്ടൽ പരിശോധിക്കേണ്ടതാണ്.

7 പരീക്ഷാ സംബന്ധമായി വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന സംശയങ്ങൾ സ്കോൾ-കേരളയുമായി ബന്ധപ്പെട്ട് പരിഹാരം കാണേണ്ടതാണ്.

8 താങ്കളുടെ സ്കൂളിലെ ഡി.സി.എ വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്കോൾ-കേരളയുമായി ബന്ധപ്പെടേണ്ടതാണ്.

9 ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ ലഭിച്ചാലുടൻ അത് പരിശോധിച്ച ശേഷം ഓരോ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റിലുമുള്ള ക്രമ നമ്പർ, തീയതി, പരീക്ഷാഫലം ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ രജിസ്റ്റർ നമ്പർ അടിസ്ഥാനത്തിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം വിദ്യാർത്ഥികളുടെ കൈയൊപ്പ് വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

10 തിയറി/പ്രായോഗിക പരീക്ഷ നടത്തിപ്പിനായി സ്കോൾ-കേരള അനുവദിക്കുന്ന മുൻകൂർ തുകയുടെ കണക്ക് സമയബന്ധിതമായി തീർപ്പാക്കേണ്ടത് സ്കൂൾ പ്രിൻസിപ്പാളിന്റെ ചുമതലയാണ്. പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മുൻകൂർ രസീത് ഡൗൺലോഡ് ചെയ്തെടുത്ത് വിശദാംശങ്ങൾ രേഖപ്പെടുത്തി റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് 17.05.2019 തീയതിക്ക് മുൻപ് സംസ്ഥാന ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

12. പ്രായോഗിക പരീക്ഷക്ക് ഹാജരാകുന്ന എക്സ്റ്റേണൽ എക്സാമിനർക്ക് കെ.എസ്.ആർ ചട്ട പ്രകാരം അർഹമായ ടിഎ/ഡിഎ അനുവദിക്കുന്നതാണ്. ഇതിനായി സ്കോൾ കേരള സൈറ്റിൽ നിന്നും ടിഎ ഫോം ഡൗൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച് 17.05.2019ന് മുൻപ് ഇ-മെയിൽ ചെയ്യേണ്ടതും ഹാർഡ്കോപ്പി സംസ്ഥാന ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

ഒപ്പ്/-

**എക്സിക്യൂട്ടീവ് ഡയറക്ടർ**

പകർപ്പ്,

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പിഎ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി